بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 29.12.17 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*29.12.17 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**ഖാദിയാൻ ജൽസയിൽ പങ്കെടുക്കുന്നവർ ദു:ആകളിൽ പ്രത്യേകം ശ്രദ്ധിക്കുക. ഈ ജൽസയിലെ നിങ്ങളുടെ പങ്കാളിത്തം നിങ്ങൾക്കുള്ളിൽ ഒരു വിപ്ലവം സംജാതമാക്കട്ടെ. മുസ്‌ലിംകളുടെ സന്മാർഗത്തിനുവേണ്ടിയും പൊതുവിൽ ലോകത്തിൽ അവസ്ഥ നന്നാകുന്നതിനു ദു:ആ ചെയ്യുവിൻ. അല്ലാഹു എല്ലാ മനുഷ്യർക്കും ബുദ്ധി നൽകുകയും നാശഗർത്തങ്ങളിൽ ആപതിക്കുന്നതിൽ നിന്നു രക്ഷപ്പെടുത്തുകയും ചെയ്യുമാറാകട്ടെ. അല്ലാഹു മുസ്‌ലിം ഉമ്മത്തിന്റെ കണ്ണു തുറപ്പിക്കുകയും അവർക്ക് അല്ലാഹു നിയോഗിച്ച മഹാത്മാവിനെ എതിർക്കുന്നതിൽ നിന്നും പിന്മാറി ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ സഹായികളാകുവാൻ അവസരം നൽകുകയും ചെയ്യുമാറാകട്ടെ**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹയും ഓതിയതിനുശേഷം അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീസ് പറഞ്ഞു:

ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഖാദിയാനിലെ ജൽസാ സാലാനാ ആരംഭിച്ചിരിക്കുന്നു. ജൽസയുടെ മൂന്ന് ദിവസങ്ങൾ അവിടെ സൗഖ്യത്തോടെ നീങ്ങുന്നതിനും ആത്മാർഥരായ അഹ്മദികൾ ജൽസയിൽ പങ്കെടുക്കുന്നതിന് വന്നിട്ടുള്ള ഉദ്ദേശ്യം കരഗതമാകുന്നതിനും അല്ലാഹുവിനോട് ദു:ആ ചെയ്യുക. ആ ഉദ്ദേശ്യം അല്ലാഹുവിന്റെ സവിധത്തിൽ ദു:ആ ചെയ്യുകയും തങ്ങളുടെ കർമപരമായ അവസ്ഥ നന്നാക്കാൻ പരിശ്രമിക്കുകയുമാണ്. തങ്ങളുടെ അസ്തിത്വത്തിന്റെ പരിധിവരെ ദു:ആയെ പരിമിതപ്പെടുത്തരുത്. മറിച്ച് ജമാഅത്തിന്റെ പുരോഗതിക്കുവേണ്ടി പ്രത്യേകം ദു:ആ ചെയ്യുക. ജമാഅത്തിന്റെ എതിരാളികൾ ജമാഅത്തിന് നഷ്ടം വരുത്താൻ ലോകത്തിന്റെ ഏത് ഭാഗത്ത് പദ്ധതി ആവിഷ്കരിച്ചാലും അവയെ പൊളിക്കുന്നതിനും അല്ലാഹുവിന്റെ പ്രത്യേക പിന്തുണയും സഹായവും ലഭ്യമാകുന്നതിനും ദു:ആ ചെയ്യുക. അല്ലാഹു അവരുടെ ഉപദ്രവങ്ങളിൽ നിന്ന് നമ്മെ സംരക്ഷിക്കുമാറാകാട്ടെ. അതുപോലെതന്നെ മുസ്‌ലിംകളുടെ പൊതുവായ അവസ്ഥയും ചില വിഭാഗങ്ങളും രാജ്യങ്ങളും ചെയ്യുന്ന പ്രവർത്തികൾക്കും അക്രമങ്ങൾ തുടരുന്നതിനും മുസ്‌ലിംകൾ, മുസ്‌ലിംകളുടെ തന്നെ കഴുത്തറക്കുന്നതിനും കൊലപാതകങ്ങൾ നടന്നുവരുന്നതിനും എതിരിൽ ദുആ ചെയ്യേണ്ടതും നമ്മുടെ കടമയാണ്. കാരണം അല്ലാഹുവിന്റേയും നമ്മുടെ യജമാനർ നബി(സ)ന്റെയും പേരിലാണ് ഈ എല്ലാ വിഭാഗങ്ങളും അക്രമം ചെയ്യുന്നത്. ഈ അക്രമങ്ങൾ കാരണം അമുസ്‌ലിം ലോകം ഇസ്‌ലാമിനും നബി(സ)നുമെതിരിൽ ആരോപണങ്ങൾ ഉന്നയിക്കുന്നു. അക്കാരണം കൊണ്ടും അഹ്മദികളായ നമ്മുടെ ഹൃദയം വ്രണിതമാകുന്നു. അതുകൊണ്ട് ഇക്കാര്യത്തിനു വേണ്ടിയും നമ്മൾ ദു:ആ ചെയ്യേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) നിയോഗിതനായതിന്റെ ഉദ്ദേശ്യസാഫല്യത്തിനു വേണ്ടിയും ദു:ആ ചെയ്യുക. ആ ഉദ്ദേശ്യം, മുസ്‌ലിംകൾക്ക് സന്മാർഗവും അമുസ്‌ലിംകൾക്ക് ഇസ്‌ലാമിന്റെ യാഥാർഥ്യം വ്യക്തമാക്കിക്കൊടുത്തുകൊണ്ട് അവർക്ക് മേൽ ഇസ്‌ലാമിന്റെ മഹോന്നതി സ്ഥാപിക്കുകയും അവരെ ഇസ്‌ലാമിന്റെ കൊടിക്കുകീഴിൽ കൊണ്ടുവരികയും തൗഹീദ് അവരിൽ സ്ഥാപിക്കുകയുമാണ്. അതുപോലെ തന്നെ ലോകത്തിന്റെ പൊതുവായ അവസ്ഥക്കു വേണ്ടിയും ദു:ആ ചെയ്യുക. അല്ലാഹു എല്ലാ മനുഷ്യനും വിവേകം പ്രദാനം ചെയ്യുകയും അവർ നാശഗർത്തത്തിൽ ആപതിക്കുന്നതിൽ നിന്ന് രക്ഷപ്പെടുകയും ചെയ്യുമാറാകട്ടെ. ഇന്ന് ലോകത്തിനു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നവരുടെ ആവശ്യമുണ്ട്.

അല്ലാഹു ലോകത്തിനും മുസ്‌ലിം ഉമ്മത്തിനും ബുദ്ധി നൽകുകയും അല്ലാഹു അയച്ച വരിഷ്ഠാത്മാവിനെ അംഗീകരിക്കാതെ അവർക്ക് സ്ഥിരതയില്ലെന്നും അവർക്ക് മോക്ഷമില്ലെന്നുമുള്ള യാഥാർഥ്യം അവർക്ക് ബോധ്യമാകുമാറാകട്ടെ. പുതുവർഷത്തിൽ പ്രവേശിക്കുമ്പോൾ ഇക്കാര്യം മനസ്സിലാക്കിക്കൊണ്ട് പ്രവേശിക്കുക. അവർക്ക് ബുദ്ധിയുണ്ടാകട്ടെ.

ഇതു സംബന്ധമായി ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉദ്ധരണികൾ കേൾപ്പിക്കാം. ദു:ആ സ്വീകാര്യതയുടെ അടിസ്ഥാനപരമായ കാര്യം വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

ഏതുവരെ മനസ്സ് ശുദ്ധമാകുന്നില്ലയോ അതുവരെ ദു:ആ സ്വീകരിക്കപ്പെടുന്നതല്ല. ഭൗതികമായ കാര്യത്തിനാണെങ്കിലും ഒരു വ്യക്തിയുമായി നിന്റെ നെഞ്ചകത്തിൽ വെറുപ്പുണ്ടെങ്കിൽ നിന്റെ ദു:ആ സ്വകരിക്കപ്പെടുന്നതല്ല. ഭൗതികമായ കാര്യത്തിനു വേണ്ടി ആരോടും വെറുപ്പ് വെച്ചു പുലർത്തരുത്. അവനോട് വെറുപ്പ് വെച്ചു പുലർത്താൻ മാത്രം ഭൗതിക ലോകത്തിനും അതിന്റെ സാമഗ്രികൾക്കും എന്ത് പ്രസ്ക്തിയാണുള്ളത്.

ഹുസൂർ പറയുന്നു : ദു:ആ സ്വീകരിക്കപ്പെടുന്നതിന് ഏറ്റവും അനിവാര്യം, എല്ലാ വ്യക്തിപരമായ വെറുപ്പും വിദ്വേഷവും മറന്നുകൊണ്ട് അല്ലാഹുവിന്റെ സവിധത്തിൽ കരഞ്ഞ് വിലപിച്ച് തന്റെ പാപങ്ങൾക്ക് മാപ്പപേക്ഷിക്കുകയും മേലിൽ

സ്വഹൃദയത്തെ പരിശുദ്ധവും പരിപാവനമാക്കുന്നതിന് അല്ലാഹുവിനോട് സഹായമർഥിക്കുകയും വേണം. ഇന്ന് അഹ്മദിയ്യാ എതിരാളികൾ തങ്ങളുടെ എതിർ പദ്ധതികളിൽ മുന്നോട്ട് നീങ്ങുന്നു, നമുക്ക് ഒന്നായി നിന്നുകൊണ്ട് അല്ലാഹുവിന്റെ സവിധത്തിൽ ദു:ആയുമായി ഹാജരാകേണ്ടിയിരിക്കുന്നു. മനുഷ്യൻ അസ്വസ്ഥനായിക്കൊണ്ട് അല്ലാഹുവിന്റെ മുന്നിൽ കുനിയുകയും അവനോട് അർഥിക്കുകയും ചെയ്യുമ്പോൾ അല്ലാഹു തന്റെ സഹായവുമായി വരുന്നു. ചുരുക്കത്തിൽ എപ്പോഴും ഈ യാഥാർഥ്യം മനസ്സിലാക്കുകയും അതിൽ അലംഭാവം കാണിക്കാതിരിക്കുകയും ചെയ്യുക.

ഓർത്തുകൊള്ളുക, ദൈവം ഒന്നിന്റെയും ആവശ്യക്കാരനല്ല. ഏതുവരെ ഒരു വിങ്ങലോടുകൂടി വീണ്ടും വീണ്ടും ധാരാളം ദുആ ചെയ്യുന്നില്ലയോ അവൻ വില വെക്കുന്നതല്ല. നോക്കുക ഒരാളുടെ ഭാര്യയോ കുട്ടിയോ രോഗിയാവുകയോ അല്ലെങ്കിൽ കേസ് ആരോപിക്കപ്പെടുകയോ ചെയ്യപ്പെടുകയാണെങ്കിൽ അത്തരം കാരണങ്ങളാൽ അയാൾക്ക് വളരെയധികം വിഷമം ഉണ്ടാവുന്നു. എല്ലാത്തരം വിഷമഘട്ടങ്ങളിലും ദുആകൾ കേൾക്കുകയും തന്റെ ദാസനെ സഹായിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ അസ്ഥിത്വമാണ് പ്രയോജനം ചെയ്യുന്നത്.

ഹുസൂർ പറയുന്നു: ഈ ദിനങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നാട്ടിൽ ആത്മീയാന്തരീക്ഷത്തിൽ കഴിയുന്ന ഖാദിയാൻവാസികളോട് എനിക്കു പറയാനുള്ളത് തങ്ങളുടെ നമസ്കാരങ്ങളിലും നഫ്ലുകളിലും പ്രത്യേകമായ ഒരു വിങ്ങൽ ഉണ്ടാക്കുക. പൊതുവേ ജമാഅത്തുകൾ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുക. അനാവശ്യകാര്യങ്ങൾ ഒഴിവാക്കിക്കൊണ്ട് ദുആകളിലും ദൈവസ്മരണയിലും കഴിഞ്ഞുകൂടുക. എവിടെയൊക്കെ അഹ്മദികൾ ബുദ്ധിമുട്ടിലാണോ അല്ലാഹുതആല തന്റെ ആഗ്രഹം കൊണ്ട് അവസ്ഥകൾ നന്നാക്കുന്നതിനും ശത്രുക്കളെ പരാജിതരാക്കുന്നതിനും വേണ്ടി ഒരു അസ്വസ്ഥതയോടുകൂടി അല്ലാഹുവിലേക്ക് തിരിയുക.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: അല്ലാഹുവിന്റെ സന്നിധിയിൽ വിനയത്തോടും വേദനയോടും കൂടി പ്രാർഥിക്കുന്നവൻ ആദരദൃഷ്ടിയോടെ ഗണിക്കപ്പെടുന്നതാണ്. അവന് ദൈവത്തിന്റെ അനുഗ്രഹത്തിൽ നിന്നും അംശം ലഭിക്കുന്നതാണ്. അതുകൊണ്ട് നമ്മുടെ ജമാഅത്ത് തഹജ്ജുദ് നമസ്കാരത്തിൽ കൃത്യനിഷ്ഠ കാണിക്കേണ്ടതാണ്. ചുരുങ്ങിയത് രണ്ട് റക്അത്തെങ്കിലും നമസ്കരിക്കുക. എന്തുകൊണ്ടെന്നാൽ അയാൾക്ക് എന്തായാലും ദുആ ചെയ്യാനുള്ള അവസരം ലഭിക്കുന്നതാണ്. ആ സമയത്തുള്ള ദുആകളിൽ ഒരു പ്രത്യേകമായ പ്രഭാവം ഉളവാകുന്നതാണ്. എന്താണെന്നാൽ അത് സത്യമായ വേദനയിൽ നിന്നും ആവേശത്തിൽ നിന്നുമാണ് ഉത്ഭവിക്കുന്നത്. ഹൃദയത്തിൽ പ്രത്യേകമായ വേദനയും വിങ്ങലും ഉണ്ടാവാത്തിടത്തോളം സുഖസുഷുപ്തിയിൽ നിന്നും ഉണരുന്നതല്ല. ആ സമയത്ത് എഴുന്നേൽക്കുന്നത് തന്നെ ഒരു വേദനിക്കുന്ന ഹൃദയത്തെ ഉളവാക്കുന്നു. എന്നാൽ എഴുന്നേൽക്കുന്നതിൽ അലസത കാണിക്കുകയാണെങ്കിൽ ആ വേദനയും ആർദ്രതയും ഹൃദയത്തിലില്ല എന്ന കാര്യം വ്യക്തമാണ്. എന്നാൽ ഉറക്കം ദു:ഖത്തെ അകറ്റുന്നു. പക്ഷെ ഉറക്കത്തിൽ നിന്നും ഉണരുമ്പോൾ തന്നെ ഉണർത്തുന്ന ഉറക്കത്തിലും വലുതായ ഒരു വേദനയും ഉണ്ട് എന്നു മനസിലാകുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: നമ്മുടെ ജമാഅത്ത് അവലംബിക്കേണ്ട മറ്റൊരു കാര്യം തങ്ങളുടെ നാവിനെ അനാവശ്യകാര്യങ്ങളിൽ നിന്നും പരിശുദ്ധമാക്കിവെക്കുക എന്നതാണ്. നാവ് അസ്ഥിത്വത്തിന്റെ ഉമ്മറപ്പടിയാണ്. നാവിനെ പരിശുദ്ധമാക്കുന്നതിന്റെ ഫലമായി ദൈവം അസ്ഥിത്വത്തിന്റെ വാതിൽപടിയിൽ എത്തിയതുപോലെയാകുന്നു. ദൈവം വാതിൽപ്പടിയിൽ എത്തിയെങ്കിൽ പിന്നെ അകത്തു വരുന്ന കാര്യത്തിൽ അൽഭുതപ്പെടാനെന്തിരിക്കുന്നു.

അവിടുന്ന് പറയുന്നു: ഓർമ്മിക്കുക അല്ലാഹുവിനോടുള്ള കടമകളിലും ദാസരോടുള്ള കടപ്പാടുകളിലും ഒരിക്കലും ബോധപൂർവം അലസത കാണിക്കരുത്. ഇക്കാര്യങ്ങളെ മുന്നിൽ വച്ചുകൊണ്ട് ദുആകളിൽ ഊന്നൽ നൽകുന്നവരുടെ മേൽ അല്ലാഹു അനുഗ്രഹം ചൊരിയുമെന്നും അവൻ രക്ഷപ്പെടുമെന്നും നാം ദൃഢമായും വിശ്വസിക്കുന്നു.

വീണ്ടും പറയുന്നു: മനുഷ്യനെ നശിപ്പിച്ചുകളയുകയും ദൈവക്രോധത്തെ ആളിക്കത്തിക്കുകയും ചെയ്യുന്ന ഒരു വിഷമാണ് പാപം. പാപത്തിന്റെ ഫലമായി ദൈവഭയവും അവനോടുള്ള സ്നേഹവും നഷ്ടമാവുന്നു. അവിടുന്ന് പറയുന്നു: ദുആകൾ ചെയ്തുകൊണ്ടിരിക്കുന്നതിൽ ഒരിക്കലും വിമുഖത കാണിക്കരുത്. തൗബയും ഇസ്തിഗ്ഫാറും ചെയ്തുകൊണ്ടിരിക്കുക. ദൈവസന്നിധിയിൽ ഉരുകികൊണ്ടിരിക്കുകയും ദൈവമല്ലാതെ മറ്റൊന്നിനേയും അഭയസ്ഥാനമായി കാണാത്ത ദുആയാണ് പ്രയോജനം നൽകുക. വേദനയോടുകൂടി, രക്ഷ അന്വേഷിച്ചുകൊണ്ട് ദൈവത്തിലേക്ക് ഓടുന്നവൻ അവസാനം രക്ഷപ്പെടുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: മനുഷ്യൻ പ്രയാസത്തിലല്ലാത്ത അവസ്ഥയിലും ദുആ ചെയ്തു കൊണ്ടിരിക്കേണ്ടതാണ്. കാരണം ദൈവഹിതം എന്താണെന്നും നാളെ എന്തുസംഭവിക്കുമെന്നും അവനെന്തറിയാം? ആകയാൽ രക്ഷപ്പെടണമെങ്കിൽ കാലേകൂട്ടി ദുആയിൽ മുഴുകുക. അവിടുന്ന് പറയുന്നു: ചില ഘട്ടങ്ങളിൽ മനുഷ്യനു ദുആ ചെയ്യാനുള്ള അവസരം ലഭിക്കുന്നതിനു മുൻപേ തന്നെ പരീക്ഷണങ്ങൾ വന്നെത്തുന്നു. അതുകൊണ്ട് കാലേകൂട്ടി ദുആ ചെയ്തിട്ടുണ്ടെങ്കിൽ പരീക്ഷണഘട്ടങ്ങളിൽ അതു പ്രയോജനം നൽകുന്നതാണ്.

പിന്നീട് വിശുദ്ധഖുർആന്റെ പ്രാരംഭവും അതിന്റെ അവസാനവും ദുആയാണെന്ന കാര്യം വിവരിച്ചുകൊണ്ട് അവിടുന്ന് പറയുന്നു. ഓർമിക്കുക, ദൈവം വിശുദ്ധഖുർആന്റെ പ്രാരംഭവും അതിന്റെ അവസാനവും ദുആയാക്കിയിരിക്കുന്നു. സൂറ:ഫാത്തിഹയും സൂറ: നാസും ദുആയാണ്. അതിന്റെ അർഥം മനുഷ്യൻ ബലഹീനനാണ്, ദൈവാനുഗ്രഹമില്ലാതെ അവന് പരിശുദ്ധി കൈവരിക്കാൻ സാധ്യമല്ല. ദൈവത്തിന്റെ സഹായം ലഭിക്കാതെ കണ്ട് നന്മയിൽ പുരോഗതി കരസ്ഥമാക്കുവാൻ സാധിക്കുകയില്ല.

ഒരു ഹദീസിൽ വന്നിരിക്കുന്നു. എല്ലാവരും മൃതരാണ്,

അല്ലാഹു ജീവിപ്പിച്ചവരൊഴികെ. എല്ലാവരും മാർഗഭ്രംശത്തിലാണ്, അല്ലാഹു ഹിദായത്ത് നൽകിയവരൊഴികെ. എല്ലാവരും കുരുടന്മാരാണ്, ദൈവം കാഴ്ച നൽകിയവരൊഴികെ.. പറയുന്നു ഏതുവരെ ദൈവികാനുഗ്രഹം കരസ്ഥമാവുന്നില്ലയോ അതുവരെയും ദുൻയാവിനോടുള്ള പ്രേമത്തിന്റെ ചങ്ങല കഴുത്തിലെ മാലയായി നിലകൊള്ളുന്നതാണ്. ആരുടെ മേലാണോ ദൈവം അനുഗ്രഹം ചൊരിയുന്നത് അവർക്ക് മാത്രമാണ് അതിൽ നിന്നും മോചനം ലഭിക്കുക. എന്നാൽ ഓർമിക്കുക ദൈവാനുഗ്രഹവും ദുആയിലൂടെ മാത്രമാണ് ലഭിക്കുന്നത്. അതിനുവേണ്ടിയും ദുആ ചെയ്യേണ്ടതാണ്.

പിന്നീട് ദുആ സ്വീകാര്യതക്ക് എല്ലാ ദിവസവും നന്മയിൽ മുന്നേറുക എന്നത് നിർബന്ധമാണ്. ഒരു ഭാഗത്ത് മാത്രം ഒതുങ്ങാതെ നന്മയിൽ മുന്നോട്ട് കുതിക്കുന്നവർക്കാണ് ദൈവികസഹായം ലഭിക്കുക. അവരുടെ പര്യവസാനം ശുഭകരമായിരിക്കും. ചിലയാളുകളെ നാം കണ്ടിട്ടുണ്ട്, അവർ വളരെയധികം താൽപര്യവും ആവേശവും വിങ്ങലും ഉള്ളവരായിരിക്കും. എന്നാൽ അവസാനം ഒരു ഘട്ടമെത്തുമ്പോൾ അവർ നിന്നുപോവുന്നു. അവരുടെ പര്യവസാനം ശുഭമായിരിക്കുകയില്ല. അവിടുന്നു പറയുന്നു; അല്ലാഹുതആല വിശുദ്ധ ഖുർആനിൽ **അസ്‌ലിഹ്‌ലീ ഫീ ദുർരിയ്യത്തീ** എന്ന ദുആ പഠിപ്പിച്ചിരിക്കുന്നു. അതായത് എന്റെ ഭാര്യാമക്കളേയും പരിഷ്കരിക്കേണമേ! തങ്ങളിൽ പരിശുദ്ധമാറ്റത്തിനു വേണ്ടി ദുആ ചെയ്യുന്നതോടൊപ്പം തങ്ങളുടെ ഭാര്യാമക്കൾക്ക് വേണ്ടിയും ദുആ ചെയ്തുകൊണ്ടേയിരിക്കേണ്ടതാണ്. കാരണം മനുഷ്യന്റെ മേൽ പരീക്ഷണങ്ങൾ അധികവും വരുന്നത് ഭാര്യാമക്കൾ കാരണത്താലാണ്. അവരുടെ ഇസ്‌ലാഹിനു വേണ്ടി ശ്രദ്ധിക്കുകയും അവർക്ക് വേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യേണ്ടതാണ്. അവിടുന്ന് പറയുന്നു; സ്വയം പരിശുദ്ധമായ മാതൃക സ്ഥാപിക്കുവാൻ ശ്രമിച്ചുകൊണ്ടേയിരിക്കുക എന്നതാണ് നമുക്ക് നൽകാനുള്ള ഉപദേശം. മലക്കുകളെപ്പോലുള്ള ജീവിതം ആവാതെ കണ്ട് ഒരാൾ പരിശുദ്ധനായി എന്നു എങ്ങിനെ പറയാൻ സാധിക്കും.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ദുആ ചെയ്യുന്നതിൽ ക്ഷീണിക്കാത്ത തടവുപുള്ളി അനുഗൃഹീതനാണ്. എന്തുകൊണ്ടെന്നാൽ ഒരു ദിവസം അവൻ മോചിതനാവുന്നതാണ്. ദുആകളിൽ അലസത കാണിക്കാത്ത അന്ധൻമാർ അനുഗൃഹീതരാണ്. ഒരു ദിവസം അവർ കാണാൻ തുടങ്ങുന്നതാണ്. ഖബറുകളിൽ കിടന്നുകൊണ്ട് ദുആ മുഖേന ദൈവികസഹായം അന്വേഷിക്കുന്നവർ അനുഗൃഹീതരാണ്, എന്തുകൊണ്ടെന്നാൽ ഒരു ദിവസം അവർ ഖബറുകളിൽ നിന്നും പുറത്തുകൊണ്ടുവരപ്പെടുന്നതാണ്.

അവിടുന്നു വീണ്ടും നമ്മുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പറയുന്നു: ദുആയിൽ ക്ഷീണിക്കാത്തവരും അലസത കാണിക്കാത്തവരുമായ നിങ്ങൾ അനുഗൃഹീതരാണ്. നിങ്ങളുടെ റൂഹ് ദുആക്ക് വേണ്ടി ഉരുകുകയും നിങ്ങളുടെ കണ്ണുകൾ കണ്ണുനീർ വാർക്കുകയും നിങ്ങളുടെ നെഞ്ചിൽ ഒരു തീയ്യ് ഉണ്ടാക്കുകയും നിങ്ങൾക്ക് ഏകാന്തതയുടെ താൽപര്യം ഉണ്ടാക്കുന്നതിന് ഇരുളടഞ്ഞ മുറികളിലും നിശബ്ദ വനാന്തരങ്ങളിലും കൊണ്ടുപോവുന്നു. കൂടാതെ നിങ്ങളെ അസ്വസ്ഥരും ഭ്രാന്തന്മാരും സ്വയം വേഗതയുള്ളവരും ആക്കുന്നു. എന്തെന്നാൽ അവസാനം നിങ്ങളിൽ അനുഗ്രഹം ചൊരിയപ്പെടുന്നതാണ്. ഏതൊരു ദൈവത്തിലേക്കാണോ നാം വിളിക്കുന്നത് അവൻ അങ്ങേയറ്റം ഉദാരവാനും കാരുണ്യവാനും, ലജ്ജാശീലരും സത്യസന്ധമായി അർപ്പണം ചെയ്യുന്നവരും ആയ വിനായാന്വിതരിൽ കരുണചൊരിയുന്നവനുമാണ്. ആകയാൽ നിങ്ങളും കീഴ്പ്പെടുകയും സത്യഹൃദയത്തോടെ ദുആ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുക. അവൻ നിങ്ങളുടെ മേൽ കരുണ ചൊരിയുന്നതാണ്. ദുൻയാവിന്റെ ബഹളത്തിൽ നിന്നും വേറിട്ടുനിൽക്കുകയും ദീനിനു സ്വേചരാപരമായ വഴക്കുകളുടെ നിറം കൊടുക്കാതിരിക്കുകയും ചെയ്യുക. ദൈവത്തിനുവേണ്ടി പരാജയം സ്വീകരിക്കുക എങ്കിൽ നിങ്ങൾ മഹത്തായ വിജയങ്ങൾക്ക് അവകാശികളാവുന്നതാണ്. ദുആ ചെയ്യുന്നവർക്ക് ദൈവം അൽഭുതം കാണിക്കുന്നതാണ്. ആവശ്യക്കാർക്ക് അൽഭുതകരമായ അനുഗ്രഹം നൽകപ്പെടുന്നതാണ്. ദുആ ദൈവത്തിൽ നിന്നും വരുന്നു, ദൈവത്തിലേക്ക് പോവുകയും ചെയ്യുന്നു. ദുആയുടെ ഫലമായി നിങ്ങളുടെ ജീവൻ നിങ്ങളുടെ സമീപത്തുള്ളതുപോലെ ദൈവം നിങ്ങളുടെ സമീപസ്ഥനാവുന്നു. ദുആയുടെ പ്രഥമ അനുഗ്രഹം അതു മനുഷ്യരിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കുന്നു എന്നതാണ്.

ഹുസൂർ അയ്യദഹുല്ലാഹ് പറയുന്നു: ദീനിന്റെ പുരോഗതിക്കായി അല്ലാഹു ഏതൊരു ആയുധമാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നു നൽകിയിരിക്കുന്നത്. അവിടുത്തെ അൻസാരികളും അതേ ആയുധം തന്നെ പ്രയോഗിക്കേണ്ടതാണ്. അതു ഇൻശാഅല്ലാഹ് നമ്മെ പ്രയാസത്തിൽ നിന്നും പുറത്തുകൊണ്ടുവരികയും ശത്രുവിനെ പരാജിതനാക്കുകയും ചെയ്യുന്നതാണ്. ഓരോ അഹ്മദിയും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. അവസാനമായി ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) മുസ്‌ലിം ഉമ്മത്തിനു വേണ്ടി ചെയ്ത ഒരു ദുആ കേൾപിക്കുകയാണ്. അവിടുന്നു പറയുന്നു:

ഓ എന്റെ രക്ഷിതാവേ, എന്റെ സമുദായത്തിനു വേണ്ടിയുള്ള എന്റെ ദുആയും എന്റെ സഹോദരന്മാർക്കു വേണ്ടിയുള്ള എന്റെ വേവലാതിയും കേൾക്കേണമേ. ഞാൻ നിന്റെ പ്രവാചകൻ ഖാത്തമുന്നബിയ്യിനും പാപികളുടെ ശുപാർശകനുമായ ആ മഹാത്മാവിന്റെ ശുപാർശ സ്വീകരിക്കപ്പെടുന്നതാണ്. ആ നബിയെ ഇടനിലക്കാരനാക്കികൊണ്ട് നിന്നോട് ആവശ്യപ്പെടുന്നു. അല്ലയോ എന്റെ രക്ഷിതാവേ അവരെ അന്ധകാരത്തിൽ നിന്നും നിന്റെ പ്രകാശത്തിലേക്ക് നയിക്കേണമേ. ഓ എന്റെ നാഥാ, എന്റെ മേൽ ശാപം ചൊരിയുന്നവരുടെ മേലും, എന്റെ കൈകൾ മുറിക്കുന്നവരുടെ മേലും, നീ കരുണ ചൊരിയേണമേ. ഈ സമുദായത്തെ നാശത്തിൽ നിന്നും രക്ഷിക്കുകയും തന്റെ ഹിദായത്ത് അവരുടെ ഹൃദയങ്ങളിൽ പ്രവേശിപ്പിക്കുകയും അവരുടെ തെറ്റുകളും പാപങ്ങളും പൊറുത്തുകൊടുക്കുകയും അവരോട് ക്ഷമിക്കുകയും ചെയ്യേണമേ. അവർക്ക് സൗഖ്യം നൽകുകയും അവരെ പരിഷ്കരിക്കുകയും പരിശുദ്ധീകരിക്കുകയും ചെയ്യേണമേ. അവർക്ക് കാണാൻ സാധിക്കുന്ന തരത്തിലുള്ള ദൃഷ്ടികൾ പ്രദാനം ചെയ്യേണമേ. അവർക്ക് കേൾക്കാൻ സാധിക്കുന്ന കാതുകൾ പ്രദാനം ചെയ്യേണമേ. അവർക്ക് മനസിലാക്കാൻ സാധിക്കുന്ന ഹൃദയം നീ നൽകേണമേ. അവർക്ക് മനസിലാ

ക്കാൻ കഴിയുന്ന പ്രകാശം പ്രദാനം ചെയ്യേണമേ. അവരിൽ കരുണ ചൊരിയേണമേ. അവർ പറയുന്ന കാര്യങ്ങൾ തൊട്ട് നീ അവർക്ക് പൊറുത്തുകൊടുക്കേണമേ. കാരണം അവർ അറിവില്ലാത്ത ജനതയാണ്. ഓ എന്റെ നാഥാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) യുടേയും അവിടുത്തെ ഉന്നതസ്ഥാനത്തിലും തെണ്ടമായിരിക്കട്ടെ. രാത്രികളിൽ എഴുന്നേറ്റ് ആരാധനയിൽ മുഴുകുകയും പ്രഭാതത്തിൽ യുദ്ധം ചെയ്യുകയും ചെയ്യുന്നവരിൽ തെണ്ടമായിരിക്കട്ടെ. രാത്രികളിൽ അതിശീഘ്രം പായുന്ന സവാരികളിലും ഉമ്മുൽഖുറായിലേക്ക് ചെയ്യുന്ന യാത്രയിലും തെണ്ടമാവട്ടെ. നമുക്കും നമ്മുടെ സഹോദരങ്ങൾക്കുമിടയിൽ മൈത്രിക്കു വേണ്ട സംവിധാനം ചെയ്യേണമേ. അവരുടെ കണ്ണുകൾ തുറപ്പിക്കേണമേ. അവരുടെ ഹൃദയങ്ങളെ പ്രകാശപൂരിതമാക്കേണമേ. എന്തൊന്നാണോ നീ എനിക്കു മനസിലാക്കിതന്നിരിക്കുന്നത് അവർക്കും മനസിലാക്കികൊടുക്കേണമേ. അവർക്ക് തഖ്‌വയുടെ മാർഗം പഠിപ്പിക്കേണമേ. കഴിഞ്ഞുപോയതിൽ നിന്നും പൊറുക്കേണമേ. നമ്മുടെ അവസാന ദുആ ഇതാണ്. ഉന്നതമായ ആകാശങ്ങളുടെ നാഥനായ അല്ലാഹുവിനാണ് എല്ലാ സ്തുതികളും.

ഖുത്തുബയുടെ അവസാനത്തിൽ ഹുസൂർ പറഞ്ഞു: അല്ലാഹു തആല മുസ്‌ലിം ഉമ്മത്തിന്റെ കണ്ണുകൾ തുറപ്പിക്കുമാറാകട്ടെ. ഇവർ അല്ലാഹുവിനാൽ അയക്കപ്പെട്ടയാളുടെ എതിർപ്പിൽ നിന്നും പിന്തിരിയുകയും ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹായികളാവുകയും ചെയ്യുമാറാവട്ടെ. അല്ലാഹുതആല നമ്മെയും ദുആയുടെ ഹഖ് പൂർത്തിയാക്കുന്നവരാക്കുമാറാകട്ടെ. പ്രത്യേകിച്ച് ഖാദിയാനിൽ ജൽസയിൽ പങ്കെടുത്തവർ ദുആകളിൽ പ്രത്യേകം ശ്രദ്ധിക്കുക. ഈ ജൽസയിലെ പങ്കാളിത്തം തങ്ങളിൽ വിപ്ലവകരമായ മാറ്റം ഉണ്ടാക്കുന്നതാക്കേണ്ടതാണ്. അല്ലാഹുതആല നമുക്കെല്ലാവർക്കും അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

*Friday Sermon delivered by* **Hadrath Khaleefathul Masih Al-khamis** (atba)
*at Baithul Futuh,London – on 29-12-17*
*Malayalam Translation :* **Moulvi H.Shamsuddin & Mou.T.Mohammad Manzil**, *For Malayalam Desk,Qadian.*
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516

*If Undelivered Please Return To*
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala